LIBRARY ARCHIVES Kerala Legislative Assembly

12. സിക്ക രോഗം ഗർഭിണികളിലും, ഗർഭസ്ഥ ശിശുക്കളിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരെ നിരീക്ഷിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

13. സിക്ക രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സ നൽകിവരുന്നുണ്ട്.

14. തിരുവനന്തപുരം VRDL (Virus Research and Diagnostic Laboratory) ലാബിൽ രോഗം സ്ഥിരീകരിച്ച 15 പേരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി ഡൽഹി IGIB (Institute of Genomics and Integrative Biology)-യിലേയ്ക്ക് അയയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. VCRC (Vector Control Research Centre)-യിൽ അയച്ച ഈഡിസ് കൊതുക് സാമ്പിളിൽ 34 പൂളുകളിൽ 6 പൂളുകളിൽ സിക്ക വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് ഇവയുടെ ജനിതക പരിശോധന നടന്നുവരികയാണ്.

വാക്സിനേഷനുകൾ മുടങ്ങുന്നതിന് പരിഹാരം

209 (1575) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കുട്ടികളടേതുൾപ്പെടെ നിർബന്ധമായും നടക്കേണ്ട പോളിയോ വാക്സിനേഷനുൾപ്പെടെയുള്ള പ്രതിരോധ മരുന്നു കുത്തിവെയ്പുകൾ സമയബന്ധിതമായി നടക്കുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) യഥാസമയം വാക്സിനുകൾ എടുക്കാത്തതുമൂലം വാക്സിനേഷനിലൂടെ ലഭിക്കേണ്ട രോഗ പ്രതിരോധത്തിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് അതിരൂക്ഷമായിരുന്ന സമയത്ത് മാത്രം രണ്ടാഴ്ചക്കാലത്തോളം കുട്ടികളുടെ നിർബന്ധിത വാക്സിനേഷൻ നിർത്തിവയ്ക്കേണ്ടിവന്നിരുന്നു. ആ കാലയളവിൽ വാക്സിൻ എടുക്കാത്ത കുട്ടികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ച് വാക്സിൻ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കുട്ടികളുൾപ്പെടെ എല്ലാ വിഭാഗങ്ങളും കൃത്യമായി യഥാസമയത്തു തന്നെ വാക്സിൻ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, ഉപകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, സർക്കാർ ആശുപത്രികൾ എന്നിവ വഴി നിശ്ചിത ദിവസങ്ങളിൽ വാക്സിനേഷൻ നൽകുന്നു. ഇതുകൂടാതെ നിശ്ചിത ദിവസങ്ങളിൽ അങ്കണവാടികൾ മുഖേനയും വാക്സിൻ നൽകുന്നു. ടൈബൽ മേഖലകളിൽ ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ അവിടത്തെ കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നു. ഏതെങ്കിലും വാക്സിൻ എടുക്കാൻ വിട്ടുപോയ കുട്ടികൾക്ക് ഫീൽഡ് ജീവനക്കാരുടെ സഹായത്തോടെ പ്രത്യേക പരിപാടി വഴി വാക്സിൻ നൽകുന്നു. വാക്സിൻ എടുക്കുവാൻ വിമുഖത കാണിക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനായി അവരുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. വാക്സിനേഷൻ കുറവുള്ള ജില്ലകളിൽ 'മിഷൻ ഇന്ദ്രധനുഷ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം

210 (1576) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് വികസനത്തിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർവ്വഹിക്കുന്നതിന് 187.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ 'ഹൈറ്റ്സ്' തയ്യാറാക്കിവരികയാണ്.

(ബി) മെഡിക്കൽ കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കോവിഡ് ഇതര ചികിത്സാ സൗകര്യങ്ങൾ

211 (1577) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഏതാണ്ട് പൂർണമായും കോവിഡ് ചികിത്സാകേന്ദ്രങ്ങളായി മാറിയ ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.